# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1980 — 14.08.2017 — ൽ മറുപടിക്ക്

## മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) മുൻഗണനാപട്ടികയിൽ കടന്നുകൂടിയ അനർഹരായ എത്രപേർ ഇതിനകം റേഷൻകാർഡ് മാറ്റി നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (എ) യും (ബി) യും | 1,86,926 പേർ അപേക്ഷ സമർപ്പിച്ചതിൽ 27,344 പേർ സർക്കാർ ഉദ്യോഗസ്ഥരാണ്. |
| (ബി) ഇതിൽ എത്രപേർ സർക്കാർ ഉദ്യോഗസ്ഥരാണ്; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) അപേക്ഷ സമർപ്പിക്കേണ്ട തീയതി ഇതിനകം നീട്ടിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയാണ് നീട്ടിയത്; ഈ കാലയളവിൽ എത്രപേർ മുൻഗണനാപട്ടികയിൽ നിന്ന് പുറത്താകുമെന്നാണ് കരുതുന്നത്; | (സി) | 2017 ഓഗസ്റ്റ് 20-നകം സർക്കാർ ഉദ്യോഗസ്ഥർ അവരവരുടെ പേർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് & ഡിസ്ബഴ്സിംഗ് ഓഫീസർ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ.ഉ(കൈ)നം.112/2012/ ത.സ്വ.ഭ.വ. തീയതി 27.04.12, സ.ഉ(സാധാ) നം.116/17/ഭ.പൊ.വി.വ തീയതി 12.04.17 എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനേതര വിഭാഗത്തിൽപെടുന്നവർ സ്വയം ഒഴിവാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. അനർഹരായ എല്ലാവരെയും മുൻഗണനാ പട്ടികയിൽ നിന്നും പുറത്താക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

(ഡി) അന്തിമ തീയതിക്കുശേഷവും മുൻഗണനാകാർഡ് കൈവശംവയ്ക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ഡി) വകുപ്പുതല നടപടി സ്വീകരിക്കുന്നതിനോടൊപ്പം തന്നെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരവും 1955 ലെ അവശ്യ സാധന നിയമപ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) മുൻഗണന റേഷൻകാർഡ് ആരൊക്കെയാണ് തിരികെ നൽകേണ്ടത്; വിശദാംശങ്ങൾ നൽകുമോ?

(ഇ) സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ, പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ, പ്രതിമാസം 25,000/- രൂപയോ അതിൽ കൂടുതലോ വരുമാനമുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ള കുടുംബങ്ങൾ, വിദേശത്ത് ജോലി ചെയ്യുന്ന ഉയർന്ന വരുമാനമുള്ള കുടുംബങ്ങൾ, നാല് ചക്ര വാഹനം സ്വന്തമായി ഉപയോഗിക്കുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾ, ഒരേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലമുള്ളവർ (പട്ടികവർഗ്ഗ വിഭാഗമൊഴികെ) എന്നിവരാണ് മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാകേണ്ടവർ.

**സെക്ഷൻ ഓഫീസർ**